**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6812.　　13.07.2012-ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര മാനസികാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് ജില്ലതിരിച്ച് പറയാമോ; | (എ) | സർക്കാർ മേഖലയിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ മാനസികാരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്. ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങൾ 175 ആണ്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 27 |
| കൊല്ലം | 17 |
| ആലപ്പുഴ | 10 |
| പത്തനംതിട്ട | 8 |
| കോട്ടയം | 19 |
| ഇടുക്കി | 7 |
| എറണാകുളം | 16 |
| തൃശ്ശൂർ | 19 |
| പാലക്കാട് | 5 |
| മലപ്പുറം | 6 |

| | | | |
|---|---|---|---|
| | | | കോഴിക്കോട് — 16<br>വയനാട് — 4<br>കണ്ണൂർ — 18<br>കാസർഗോഡ് — 3<br>ആകെ — 175 |
| (ബി) | വർദ്ധിച്ചുവരുന്ന മാനസിക രോഗങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ നേരിടുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | സർക്കാർ മേഖലയിലുള്ള എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജ് സൈക്യാട്രി ഡിപ്പാർട്ടുമെന്റുകളിലും, എല്ലാ ജില്ലാ ആശുപത്രികളിലെയും 12 താലൂക്ക് ആശുപത്രികളിലെയും മനോരോഗ ചികിത്സാ വിഭാഗങ്ങളിലും ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമുകളിലും/ കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമുകളിലും മനോരോഗ ചികിത്സയ്ക്ക് ആവശ്യമായ പുതിയ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജ് സൈക്യാട്രിവിഭാഗങ്ങളിലും ഭൂരിഭാഗം ജില്ലാ ആശുപത്രികളിലെ മനോരോഗ ചികിത്സാ വിഭാഗത്തിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും സേവനം ലഭ്യമാക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. മനോരോഗ ചികിത്സ രോഗികളുടെ വീടിനടുത്ത് |

| | | | |
|---|---|---|---|
| | | | തന്നെ ലഭ്യമാക്കുന്നതിലേയ്ക്കായി 5 ജില്ലകളിൽ (തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, · കണ്ണൂർ, വയനാട്) ജില്ലാ മാനസികാരോഗ്യ പരിപാടിയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമും, ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെയും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെയും ഭാഗമായി സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്ക് വേണ്ടിയുള്ള മാനസികാരോഗ്യ ബോധവത്കരണ പരിപാടി നൽകി വരുന്നുണ്ട്. മനോരോഗങ്ങളുടെ കാരണങ്ങൾ, ലക്ഷണങ്ങൾ എന്നിവയെക്കുറിച്ചും ലഭ്യമായ ചികിത്സയെക്കുറിച്ചും ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും ബോധവത്കരണവും നടത്തുന്നുണ്ട്. |
| (സി) | മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നതിനായി സ്കൂൾ, കോളേജുകളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സൈക്യാട്രിസ്റ്റുകളുടെ ദൗർലഭ്യം ഇതിനുള്ള ഒരു തടസ്സമാണ്. ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഈ സൗകര്യം ലഭ്യമായ സ്കൂളുകളിൽ ഡിസ്ട്രിക്ട് മെന്റൽ പ്രോഗ്രാം ടീം സൈക്യാട്രിസ്റ്റിന്റെ സേവനം ഇപ്പോൾ ലഭ്യമാണ്. സ്വകാര്യമേഖലയിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സൈക്യാട്രിസ്റ്റുകളുടെ സേവനം സ്കൂൾ, കോളേജുകളിൽ ലഭ്യമാക്കുന്ന കാര്യം പരിശോധി ക്കുന്നതാണ് |

സെക്ഷൻ ഓഫീസർ